പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1331

06.03.2018-ൽ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി എത്ര തുകയാണ് 2017-18 ൽ നീക്കിവച്ചിട്ടുള്ളത്; അതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

ബി) പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണ് നാളിതുവരെ ചെലവഴിച്ചിട്ടുള്ളത്; 2018 മാർച്ച് 31 വരെ എത്രശതമാനം തുക വിനിയോഗിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

എ) & ബി)

| LB Type | Budget (Lakhs) | Expenditure (Lakhs) | % of Expenditure | Expected % of expenditure on 31st March |
|---|---|---|---|---|
| District Panchayat | 79250.03 | 29697.91 | 37.47 | 75 |
| Block Panchayat | 79250.03 | 44846.85 | 56.59 | 100 |
| Municipality | 88897.32 | 45357.21 | 51.02 | 65 |
| Corporation | 67587.63 | 30747.70 | 45.49 | 60 |
| Grama Panchayat | 304493.65 | 186207.79 | 61.15 | 85 |
| Total | 619478.66 | 336857.47 | 54.38 | |

സി) പദ്ധതി വിഹിതത്തിൽ പരമാവധി വിനിയോഗം സാധ്യമാകാത്തതിന് കാരണമെന്താണ്; 2018 മാർച്ച് 31 നുള്ളിൽ പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

സി) പദ്ധതി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സംസ്ഥാനതലത്തിൽ പദ്ധതി നിർവ്വഹണ കലണ്ടർ രൂപീകരിക്കുകയും സംസ്ഥാന, ജില്ലാതല, ബ്ലോക്ക് തല അവലോകന യോഗങ്ങൾ നടത്തി വരുകയും ചെയ്യുന്നു. സംസ്ഥാന തലത്തിൽ ഗ്രാമവികസന കമ്മീഷണറുടെയും, ജില്ലാതലത്തിൽ ജില്ലാ കളക്ടറുടെയും നേതൃത്വത്തിലും ഓരോ ത്രൈമാസത്തിലും അവലോകന യോഗങ്ങൾ (വീഡിയോ കോൺഫറൻസ് ഉൾപ്പെടെ) നടത്തി വരുന്നു. കൂടാതെ അതാത് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാരുടെ നേതൃത്വത്തിൽ ഓരോ മാസത്തിലും പദ്ധതി നിർവ്വഹണം

ത്വരിതപ്പെടുത്തുന്നതിനായുള്ള അവലോകന യോഗങ്ങൾ നടത്തി വരുന്നുണ്ട്.

2017 ജൂലൈ 1 ന് GST നിലവിൽ വന്നതിനെ തുടർന്ന് മരാമത്ത് പണികളുടെ ടെണ്ടർ കരാറുകാർ ഏറ്റെടുക്കാത്ത സാഹചര്യമുണ്ടായി. പലതവണ ടെണ്ടർ ചെയ്തതിന് ശേഷമാണ് വർക്കുകൾ ഏറ്റെടുത്തിട്ടുള്ളത്. GST സംബന്ധിച്ച് 01/11/2017 ലെ സ.ഉ.(അച്ചടി) നം. 87/2017 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ നൽകിയതിന് ശേഷമാണ് മരാമത്ത് പ്രവൃത്തികളുടെ നിർമ്മാണം പുരോഗമിച്ചിട്ടുള്ളത്. സാമ്പത്തിക വർഷത്തിന്റെ പ്രാരംഭത്തിൽ തന്നെ പദ്ധതി നിർവ്വഹണ കലണ്ടർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. കൂടാതെ 28/10/17 ലെ ഡിഎ 1/750/2017 ത.സ്വ.ഭ.വ നമ്പർ സർക്കുലർ മുഖേന പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

പദ്ധതി വിഹിതത്തിന്റെ പരമാവധി വിനിയോഗം സാദ്ധ്യമാക്കുന്നതിന് എല്ലാവിധ നടപടികളും സ്വീകരിച്ച വരുന്നു. ഓരോ ത്രൈമാസാവസാനവും ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചീഫ് സെക്രട്ടറിയും വിവിധ വകുപ്പ സെക്രട്ടറിമാരും ഉൾപ്പെട്ട പ്ലാൻ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി യോഗങ്ങൾ കൂടുവാൻ പദ്ധതി പുരോഗതി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങളും ഇടപെടലുകളും നടത്താറുമുണ്ട്. കൂടാതെ ചീഫ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാരുമായി നടത്തുന്ന പ്രതിമാസ യോഗങ്ങളിൽ പദ്ധതി അവലോകനം പ്രധാന അജണ്ടയാണ്.

സെക്ഷൻ ഓഫീസർ